LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി : പോലീസിന്റെ മൊറേൽ നശിപ്പിക്കാനല്ലേ ഇങ്ങനെ കേസുകൾ പിൻവലിക്കുന്നത് ?

ശ്രീ ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് : ഇത്തരം ചോദ്യങ്ങൾ മൊറേൽ നശിപ്പിക്കാനാണു ചോദിക്കുന്നത്.

ശ്രീ. കെ. കരുണാകരൻ : ഇങ്ങനെ കേസുകൾ പിൻവലിക്കുന്നതുകൊണ്ട് പോലീസുകാർക്ക് കേസുകൾ എടുക്കുന്നതിനു ബുദ്ധിമുട്ടു വരുന്നതായി അറിയാമോ ?

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് : ഇല്ല.

സെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥൻമാർ

* 894 [1262] ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഹരിജനക്ഷേമവും മന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉദ്യോഗസ്ഥൻമാരുടെ സഹകരണക്കുറവുകൊണ്ട് ഐക്യമുന്നണി ഗവൺമെൻറിനു മുന്നോട്ടു പോകുവാൻ നിവൃത്തിയില്ലാത്ത ഒരു പരിതഃസ്ഥിതിയാണ് ഉണ്ടായിട്ടുള്ളതെന്ന് പൂവച്ചൽവച്ച് വനം വകുപ്പുമന്ത്രി പ്രസംഗിച്ചതായി 1969 മാർച്ച് 14-ാം തീയതിയിലെ "മാതൃഭൂമി" പത്രത്തിൽ കണ്ട വാർത്ത വാസ്തവമാണോ ;

(ബി) ആണെങ്കിൽ, ഈ പ്രതിസന്ധിക്ക് പരിഹാരം കാണുവാൻ എന്തു നടപടികളാണ് ഗവൺമെൻറ് കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്നത് ?

വനവും ഹരിജനക്ഷേമവും മന്ത്രി (ശ്രീ. എം. കെ. കൃഷ്ണൻ) :

(എ) അപ്രകാരം പ്രസംഗിച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി : ആ റിപ്പോർട്ടു വന്നതിനുശേഷം ഇന്നുവരെ മന്ത്രി അതു നിഷേധിക്കുകയുണ്ടായില്ലല്ലോ ?

ശ്രീ. എം. കെ. കൃഷ്ണൻ : ആ പത്രറിപ്പോർട്ട് നേരത്തെ എന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നില്ല.

ശ്രീ. കെ. കരുണാകരൻ : മന്ത്രിമാരുടെ പ്രസ്താവനകളും, പ്രസംഗങ്ങളും ശേഖരിച്ച് പബ്ലിക്ക് റിലേഷൻസ് ഡിപ്പാർട്ടുമെൻറ് മന്ത്രിമാർക്കു കൊടുക്കുന്ന ഏർപ്പാടില്ലേ ?

ശ്രീ. എം. കെ കൃഷ്ണൻ : ഉണ്ട്. പക്ഷേ, ഈ റിപ്പോർട്ട് എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ശ്രീ. കെ. കരുണാകരൻ : അതിപ്രധാനമായ സർവ്വീസിനെ സംബന്ധിച്ചു വന്ന റിപ്പോർട്ട് മിനിസ്റ്ററുടെ ശ്രദ്ധയിൽപ്പെടുത്താത്തതിന് നടപടി എടുക്കുമോ ; ഈ കാര്യത്തെപ്പറ്റി അന്വേഷിക്കുമോ ?

ശ്രീ. എം. കെ. കൃഷ്ണൻ : അങ്ങനെ വല്ലതും സംഭവിച്ചിട്ടുണ്ടോ എന്നു അന്വേഷിക്കാം.

ശ്രീ. കെ. എം. ജോർജ് : മാർച്ച് ഒന്നാം തീയതി പൂവച്ചാൽ വച്ച് മന്ത്രി പ്രസംഗിച്ചിട്ടില്ലേ ?

ശ്രീ. എം. കെ. കൃഷ്ണൻ : മാർച്ച് ഒന്നാം തീയതിക്ക് നാലഞ്ചു ദിവസം മുമ്പാണ് ഞാൻ പ്രസംഗിച്ചത്. മാർച്ച് ഒന്നാം തീയതിയിലെ മാതൃഭൂമിയിലാണ് വാർത്ത വന്നത്.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി : ഐക്യമുന്നണി ഗവൺമെന്റിനെ എന്തെങ്കിലും തടസ്സം ഉദ്യോഗസ്ഥൻമാരുടെ പ്രവൃത്തികൊണ്ട് നേരിടുന്നു എന്നുള്ളതിൽ വാസ്തവമുണ്ടോ ?

ശ്രീ. എം. കെ. കൃഷ്ണൻ : ഞാൻ അങ്ങനെ പ്രസംഗിച്ചിട്ടില്ലെന്നു പറഞ്ഞുകഴിഞ്ഞു.

കോൺട്രാക്ടറ് തൊഴിലാളികളുടെ സേവനവ്യവസ്ഥ

* 895 [1263] ശ്രീ. കെ ഐ രാജൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിൽമന്ത്രി സദയം മറുപടി നൽകുമോ :

കോൺട്രാക്ടറ് തൊഴിലാളികളുടെ സേവനവ്യവസ്ഥകൾ ക്രമീകരിക്കുന്ന ഒരു നിയമ നിർമ്മാണത്തിന് ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ?

ആരോഗ്യമന്ത്രി (ശ്രീ. ബി. വെല്ലിംഗ്ടൺ) : 1967-ൽ കോൺട്രാക്ടറ് ലേബർ സർവ്വീസസ് റഗുലേഷൻ ആൻഡ് അബോളിഷൻ ബിൽ ലോകസഭയിൽ അവതരിപ്പിച്ചിട്ടുണ്ട്. അതിനാൽ ഇത്തരം ഒരു നിയമനിർമ്മാണത്തിന് കേരള ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല

ശ്രീ. കെ. ഐ. രാജൻ : ഒരു നിയമത്തിനും വിധേയമല്ലാത്ത ഒരു വിഭാഗം തൊഴിലാളികൾ ഇന്നത്തെ നിലയിൽ ഇൻഡ്യൻ ലേബർ കോൺഫറൻസ് തന്നെ കോൺട്രാക്ടറ് സിസ്റ്റം അവസാനിപ്പിക്കേണ്ടതാണെന്ന് തീരുമാനിക്കുകയും പാർലമെന്റ് അത് കാര്യമായി ആലോചിക്കുകയും ചെയ്തിട്ടും ചില സമ്മർദ്ദത്തിന്റെ അടിസ്ഥാനത്തിൽ ആ നിയമം വെളിച്ചം കാണാതെ ഇരിക്കുകയാണ്. അതുകൊണ്ട് അത്തരത്തിൽ ഒരു നിയമനിർമ്മാണം കൊണ്ടുവരുവാൻ ഈ ഗവൺമെന്റ് ശ്രമിക്കുമോ ?

ശ്രീ. ബി. വെല്ലിംഗ്ടൺ : കേന്ദ്രഗവൺമെന്റ് അതിന് ശ്രമിക്കുന്നതുകൊണ്ടാണ് ഇപ്പോൾ അത് പേണ്ടെന്നു വച്ചിട്ടുള്ളത്.

ശ്രീ. കെ. ടി. ജേക്കബ് : അടുത്തകാലത്ത് ഇടുക്കിയിൽ പണി സ്തംഭിച്ചു നിൽക്കുകയാണ്. കോൺട്രാക്ടറന്മാർ ഇന്ന് തൊഴിലാളികൾക്ക് ന്യായമായ കൂലി കൊടുക്കാത്തത് ഈ നിയമം ഇല്ലാത്തതിന്റെ പേരിലാണ്.

മി. സ്പീക്കർ : ഇടുക്കിയിലെ കാര്യം ഈ ചോദ്യത്തിൽ വരികയില്ല.

ശ്രീ. കെ. കരുണാകരൻ : ഈ ലെജിസ്ലേഷനെ സംബന്ധിച്ച് കേന്ദ്രം സ്റ്റേറ്റ് ഗവൺമെന്റിന്റെ അഭിപ്രായം ചോദിച്ചിട്ടുണ്ടോ ; പറഞ്ഞിട്ടുണ്ടോ?

ശ്രീ. ബി. വെല്ലിംഗ്ടൺ : അത്യാവശ്യമാണെന്നാണ് സ്റ്റേറ്റ് ഗവൺമെന്റിന്റെ അഭിപ്രായം.

ശ്രീ. ആർ. എസ്. ഉണ്ണി : കേന്ദ്ര ഗവൺമെന്റ് കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്ന നിയമം പ്രധാനമായും കോൺട്രാക്ടറ് സിസ്റ്റം അവസാനിപ്പിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്. ഈ ചോദ്യം കോൺട്രാക്ടറ് തൊഴിലാളികളുടെ സേവനവ്യവസ്ഥകൾ ക്രമീകരിക്കുന്ന നിയമ നിർമ്മാണത്തിന്

LIBRARY ARCHIVES Kerala Legislative Assembly